**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4982** — **27.10. 2016-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ദാസൻ**<br>**ശ്രീ. വി. അബ്ദുറഹിമാൻ**<br>**ശ്രീ. എം. മുകേഷ്.**<br>**ശ്രീമതി. യു. പ്രതിഭ ഹരി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് മത്സ്യമേഖലയോട് കാണിച്ച അവഗണന കാരണം കടൽ മത്സ്യബന്ധനത്തിലും ഉൾനാടൻ മത്സ്യബന്ധനത്തിലും സംസ്ഥാനം പിന്നോട്ട് പോയി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. ഇതിൽ കടൽ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി പരിസ്ഥിതി സംരക്ഷണം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് തടയുക തുടങ്ങിയ നടപടികൾ ഊർജിതമായി നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യ ഉൽപാദനം ഉയർത്തുന്നതിനായി മത്സ്യസമൃദ്ധി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കി വരുന്നു.<br>ഉൾനാടൻ മത്സ്യ കൃഷിയിൽ നൂതന കൃഷി രീതികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 5.50 കോടി രൂപയുടെ പദ്ധതിക്ക് ഈ വർഷം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ പദ്ധതിയിൽ നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനസഹായത്തോടെ 'ബ്ലൂ റെവല്യൂഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി ഓരു ജല കൂട് കൃഷി, സമുദ്ര ജല കൂട് കൃഷി എന്നിവയും ഈ വർഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | എട്ടുലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യബന്ധനോപകരണങ്ങളുടെയും മത്സ്യ വിഭവങ്ങളുടെയും ഉടമസ്ഥാവകാശവും കടലിലേക്കുള്ള പ്രവേശനാധികാരവും മത്സ്യത്തൊഴിലാളികൾക്കായി പരിമിതപ്പെടുത്താൻ നിയമ നടപടികൾ സ്വീകരിക്കുമോ; | (ബി) | മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥാവകാശവും, കടലിലേയ്ക്കുള്ള പ്രവേശനവകാശവും സമുദ്ര വിഭവങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് പരിമിതപ്പെടുത്തുന്നതിന് സമഗ്രമായ ഒരു അക്വേറിയൻ റീഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം സാധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കേരളത്തിലെ 37 പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നവീകരിച്ച 18-20m നീളമുള്ള മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ബോട്ട് നൽകുന്നതിനു വേണ്ടി 58.275 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്ര സഹായത്തോടെ 'ബ്ലൂ റെവല്യൂഷൻ' പദ്ധതിയും, കാലാവസ്ഥ വ്യതിയാനം തടയുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ